"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഔഷധി ജീവനക്കാർക്ക് 2025-26 വർഷത്തെ ബോണസ്, പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ്, സ്പെഷ്യൽ ഉത്സവബത്ത എന്നിവ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.412/2026/AYUSH തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. 14.08.2026 ലെ സ.ഉ (അച്ചടി) നം. 48/2026/LBR നമ്പർ സർക്കാർ ഉത്തരവ്.
2. 18.08.2026 ൽ നടന്ന ത്രികക്ഷി ചർച്ചയുടെ നടപടികുറിപ്പ്.
3. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 18.08.2026 ലെ OUSH/18/2026-ESAI നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഔഷധി ജീവനക്കാർക്ക് 2025-26 വർഷത്തെ ബോണസും മറ്റ് ആനുകൂല്യങ്ങളും പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2025-26 വർഷത്തെ ബോണസ് നൽകുന്നത് സംബന്ധിച്ച് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ 8 പ്രകാരം 24,000/- രൂപയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്ന പ്രത്യേക ഉത്സവബത്ത ഒഴികെ ബോണസോ എക്സ്ഗ്രേഷ്യയോ ഇൻസന്റീവ് ആനുകൂല്യങ്ങളോ മറ്റേതെങ്കിലും പേരിലുള്ള ആനുകൂല്യങ്ങളോ നൽകാൻ പാടില്ലായെന്നും, മികച്ച പ്രവർത്തനം കാഴ്ചവച്ച പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ്, ഭരണവകുപ്പിന്റെ അനുമതിയോടുകൂടി നടപ്പിലാക്കാവുന്നതാണെന്നും, അതാത് സ്ഥാപനങ്ങളിലെ പ്രൊഡക്ടിവിറ്റിയിലൂന്നിയ വർദ്ധനവിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇത് നടപ്പിലാക്കേണ്ടതെന്നും, ഇൻസ്റ്റാൾഡ് കപ്പാസിറ്റി അനുസരിച്ചുള്ള മാനദണ്ഡം അതാത് സ്ഥാപനങ്ങൾ നിർണ്ണയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിന് വിധേയമായി, പരാമർശം (3) ത്രികക്ഷി ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഔഷധി ജീവനക്കാർക്ക് 2025-26 വർഷത്തെ ബോണസ്, പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ്, സ്പെഷ്യൽ ഉത്സവബത്ത എന്നിവ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VIJAIRAJ J**

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശൂർ
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (A2/271/2026-AYUSH)

ഉത്തരവിൻ പ്രകാരം
Digitally signed by
Swopna Raj
Date: 20-08-2026
17:43:32
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പി എസ് ന്.
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്